# 117/24-M

| ചോദ്യ പുസ്തക ക്രമനമ്പർ |
|---|
| |

ചോദ്യപുസ്തക അക്ഷരകോഡ്

**A**

A

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 90 മിനിട്ട്**

**പരമാവധി മാർക്ക് : 100**

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യപുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

1. വിദ്യാപോഷിണി സഭ സ്ഥാപിച്ചത് ആര് ?
   A) ചട്ടമ്പിസ്വാമികൾ
   B) അയ്യങ്കാളി
   C) സഹോദരൻ അയ്യപ്പൻ
   D) സ്വാമി വിവേകാനന്ദൻ

2. i. നിയമലംഘന പ്രസ്ഥാനം നിസ്സഹകരണ പ്രസ്ഥാനത്തിൽ നിന്ന് വ്യത്യസ്ഥമാണ്.
   ii. നിയമലംഘന പ്രസ്ഥാനത്തിൽ ഏർപ്പെട്ട ജനങ്ങൾ ബ്രിട്ടീഷുകാരോട് സഹകരിക്കാതിരിക്കുക മാത്രമല്ല അവർ കൊണ്ടുവന്ന നിയമങ്ങൾ എതിർക്കുകയും ചെയ്തു.
   ശരിയായത് തെരഞ്ഞെടുക്കുക.
   A) രണ്ടും ശരിയാണ്
   B) രണ്ടും തെറ്റാണ്
   C) i ശരിയാണ്, ii തെറ്റാണ്
   D) i തെറ്റാണ്, ii ശരിയാണ്

3. ഇന്ത്യയിലെ ആദ്യത്തെ സ്ത്രീ സർവ്വകലാശാല എവിടെ സ്ഥിതി ചെയ്യുന്നു ?
   A) കേരളം
   B) കർണ്ണാടകം
   C) തമിഴ്നാട്
   D) മഹാരാഷ്ട്ര

4. സ്വരാജ് പാർട്ടി സ്ഥാപിച്ചത് ആരാണ് ?
   A) സി. ആർ. ദാസും മോത്തിലാൽ നെഹ്റുവും
   B) മോത്തിലാൽ നെഹ്റുവും ജവഹർലാൽ നെഹ്റുവും
   C) ബാലഗംഗാധരതിലകും റാനഡെയും
   D) ഗാന്ധിജിയും സുഭാഷ് ചന്ദ്രബോസും

5. i. ഇംഗ്ലണ്ടിലെ രാജാവായ ജയിംസ് രണ്ടാമൻ ഫ്രാൻസിലേക്ക് പലായനം ചെയ്തു.
   ii. വില്യവും മേരിയും അധികാരത്തിൽ വന്നു.
   ഏത് സംഭവവുമായാണ് ഇവ ബന്ധപ്പെട്ടിരിക്കുന്നത് ?
   A) ഗ്ലോറിയസ് റവലൂഷൻ
   B) പ്യൂരിറ്റൻ റവലൂഷൻ
   C) ഒന്നാം ലോക മഹായുദ്ധം
   D) രണ്ടാം ലോക മഹായുദ്ധം

6. താഴെ പറയുന്നവയിൽ ഐക്യരാഷ്ട്രസഭയുടെ ലക്ഷ്യമല്ലാത്തത് ഏത് ?
   A) ലോകജനതയുടെ ക്ഷേമം ഉറപ്പ് വരുത്തുക
   B) അന്താരാഷ്ട്ര സഹകരണത്തിന് വേദിയാകുക
   C) അന്താരാഷ്ട്ര സമാധാനവും സുരക്ഷയും കാത്തു സൂക്ഷിക്കുക
   D) അന്താരാഷ്ട്ര വ്യാപാരം നിയന്ത്രിക്കുക

7. പ്രധാനമായും സിലിക്കേറ്റ് ധാതുക്കൾ അടങ്ങിയതും ഭൂമിയുടെ വ്യാപ്തിയുടെ 84% വരുന്നതുമായ ഭൂമിയുടെ പാളി ഏതാണ് ?
   A) പുറംതോട്
   B) മാന്റിൽ
   C) ആന്തര അകക്കാമ്പ്
   D) ബാഹ്യ അകക്കാമ്പ്

8. പരുത്തിക്കൃഷിക്ക് ഏറ്റവും അനുയോജ്യമായ മണ്ണ് ഏതാണ് ?
   A) കറുത്ത മണ്ണ്
   B) എക്കൽ മണ്ണ്
   C) ലാറ്ററൈറ്റ് മണ്ണ്
   D) ചുവന്ന മണ്ണ്

9. ''ഡെക്കാൻ ട്രാപ്പ് '' എന്നറിയപ്പെടുന്ന ഭൂമിശാസ്ത്രപരമായ രൂപീകരണത്തെ ഇനി പ്പറയുന്ന ഏത് പ്രസ്താവനയാണ് ശരിയായി വിവരിക്കുന്നത് ?
   A) മെസോസോയിക് കാലഘട്ടത്തിൽ പ്രാഥമികമായി രൂപപ്പെട്ട അവശിഷ്ട പാറകൾ ചേർന്നതാണ് ഇത്.
   B) ക്രിറ്റേഷ്യസ് കാലഘട്ടത്തിന്റെ അവസാനത്തിൽ അഗ്നിപർവ്വത സ്ഫോടനങ്ങളാൽ രൂപപ്പെട്ട ഒരു വലിയ അഗ്നി പ്രവിശ്യയാണിത്.
   C) ഹിമാലയൻ ഓറോജെനി സമയത്ത് രൂപംകൊണ്ട മടക്കിയ പർവ്വതങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു.
   D) തൃതീയ കാലഘട്ടത്തിലെ സമുദ്രാതിർത്തികൾ മൂലം രൂപപ്പെട്ട ഒരു തീരപ്രദേശമാണിത്.

10. ഏത് അന്തരീക്ഷ പാളിയിലാണ് ഓസോൺ പാളി കാണപ്പെടുന്നത് ?
   A) ട്രോപോസ്ഫിയർ
   B) മെസോസ്ഫിയർ
   C) തെർമോസ്ഫിയർ
   D) സ്ട്രാറ്റോസ്ഫിയർ

11. കേരളത്തിൽ പ്രധാനമായും കാണപ്പെടുന്നതും വിവിധ വ്യവസായങ്ങളിൽ ഉപയോഗിക്കുന്ന ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റിന്റെ ഉത്പാദനത്തെ പിന്തുണയ്ക്കുന്നതുമായ ധാതു ഏതാണ് ?
   A) ബോക്സൈറ്റ്
   B) കൽക്കരി
   C) ഇൽമനൈറ്റ്
   D) ചെമ്പ്

12. സർക്കാർ സംരംഭത്തിന് കീഴിൽ സ്വത്തുക്കളുടെ ജിയോ ടാഗിംഗ് പൂർത്തിയാക്കിയ ആദ്യത്തെ സംസ്ഥാനമെന്ന പദവി അടുത്തിടെ നേടിയ ഇന്ത്യൻ സംസ്ഥാനം ഏതാണ് ?
   A) കർണാടക
   B) മഹാരാഷ്ട്ര
   C) ഉത്തർപ്രദേശ്
   D) തെലങ്കാന

13. ഇന്ത്യയിൽ ഒന്നാം പഞ്ചവത്സര പദ്ധതി ആരംഭിച്ച വർഷം.
   A) 1947
   B) 1949
   C) 1950
   D) 1951

14. നീതി ആയോഗ് സ്ഥാപിതമായ വർഷം.
   A) 2010
   B) 2015
   C) 2014
   D) 2012

15. ഇന്ത്യയിൽ നടപ്പിലാക്കുന്ന പഞ്ചവത്സര പദ്ധതികളുടെ ലക്ഷ്യങ്ങൾ ഏതെല്ലാം ?
   A) സാമ്പത്തിക വളർച്ച
   B) സാമൂഹിക സമത്വവും സ്വയം പര്യാപ്തതയും
   C) ആധുനികവൽക്കരണം
   D) മുകളിൽ കൊടുത്തിരിക്കുന്നത് എല്ലാം

16. ഇന്ത്യയിൽ GDP കണക്കാക്കുന്നത് ആരാണ് ?
   A) CSO
   B) NSSO
   C) RBI
   D) കേന്ദ്ര ധനകാര്യ മന്ത്രാലയം

17. ഡിജിറ്റൽ സാക്ഷരതയും ഡിജിറ്റൽ അടിസ്ഥാന വികസനവും വർദ്ധിപ്പിക്കുന്നതിന് ഇന്ത്യ ഗവൺമെന്റ് തുടങ്ങിയ പുതിയ പദ്ധതിയുടെ പേര് എന്താണ് ?
   A) മെയ്ക്ക് ഇൻ ഇന്ത്യ
   B) ഡിജിറ്റൽ ഇന്ത്യ
   C) സ്റ്റാർട്ട് അപ്പ്
   D) ലിറ്റിൽ കൈറ്റ്സ്

18. ഇന്ത്യയിൽ ഹരിതവിപ്ലവത്തിന്റെ ശില്പി എന്ന് അറിയപ്പെടുന്നത് ആരാണ് ?
A) ഡോ. M. S. സ്വാമിനാഥൻ
B) സുന്ദർലാൽ ബഹുഗുണ
C) വർഗ്ഗീസ് കുര്യൻ
D) ജാനകി അമ്മാൾ

19. നീതി ആയോഗിന്റെ ഇപ്പോഴത്തെ വൈസ് ചെയർപേഴ്സൺ
A) രാജീവ് കുമാർ
B) സുമൻ ബെറി
C) പിയൂഷ് ഗോയൽ
D) നിർമ്മല സീതാരാമൻ

20. ഭരണഘടനയുടെ 42-ാം ഭേദഗതിയുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്ഥാവനകൾ ഏതെല്ലാം ?
i. സോഷ്യലിസ്റ്റ്, സെക്യുലർ എന്നീ പദങ്ങൾ കൂട്ടി ചേർത്തു.
ii. സമത്വം, സാഹോദര്യം എന്നീ പദങ്ങൾ കൂട്ടി ചേർത്തു.
iii. അഖണ്ഡത എന്ന പദം കൂട്ടിച്ചേർത്തു.
A) ii and iii മാത്രം
B) i and iii മാത്രം
C) i and ii മാത്രം
D) മുകളിൽ പറഞ്ഞവ എല്ലാം (i, ii, iii)

21. താഴെ പറയുന്ന വനിതകളിൽ 'ഭരണഘടനാ നിർമ്മാണസഭ'യിൽ അംഗമല്ലാത്തത് ആര് ?
A) രാജകുമാരി അമൃതകൗർ
B) അമ്മുക്കുട്ടി സ്വാമിനാഥൻ
C) അക്കമ്മ ചെറിയാൻ
D) രേണുകാ റായ്

22. കൂടുതൽ അധികാരത്തോട് കൂടിയ കേന്ദ്ര ഗവൺമെന്റ് എന്ന 'ഇന്ത്യൻ ഫെഡറലിസം' ഏത് ഭരണഘടനയുടെ സ്വാധീനത്താൽ രൂപപ്പെടുത്തിയതാണ് ?
A) അമേരിക്ക
B) കാനഡ
C) ജർമ്മനി
D) സ്വിറ്റ്സർലാന്റ്

23. ഇന്ത്യൻ ഉപരാഷ്ട്രപതി (Vice President) യുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്നതിൽ ശരിയായ പ്രസ്ഥാവനകൾ ഏതെല്ലാം ?
i. രാജ്യസഭയിലെ തെരഞ്ഞെടുക്കപ്പെട്ട M. P. മാർക്കെല്ലാം വോട്ടവകാശം ലഭിക്കുന്നു.
ii. ലോകസഭയിലെ മുഴുവൻ M. P. മാർക്കും വോട്ടവകാശം ലഭിക്കുന്നു.
iii. രാജ്യസഭയിലെ മുഴുവൻ M. P. മാർക്കും വോട്ടവകാശം ലഭിക്കുന്നു.
A) i and iii മാത്രം
B) ii and iii മാത്രം
C) i and ii മാത്രം
D) ഇവയൊന്നുമല്ല

24. കേന്ദ്രസംസ്ഥാന അധികാര വിഭജനത്തെ കുറിച്ച് പറയുന്നതിൽ 'സംസ്ഥാന ലിസ്റ്റിൽ' പെടാത്ത വിഷയം ഏത് ?
A) കൃഷി
B) വനം
C) വ്യാപാരം, വാണിജ്യം
D) പൊതുജന ആരോഗ്യം

25. അമേരിക്കൻ പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നത് എത്ര വർഷത്തേക്കാണ് ?
A) 5 വർഷം B) 3 വർഷം C) 4 വർഷം D) 2 വർഷം

26. ഐക്യരാഷ്ട്രസഭയുടെ സെക്രട്ടറി ജനറലായ അന്റോണിയോ ഗുട്ടറസ് ഏത് രാജ്യക്കാരനാണ് ?
A) പെറു
B) ഘാന
C) പലാവു
D) പോർച്ചുഗൽ

27. കേരളസംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഘടനയെ സംബന്ധിക്കുന്ന ശരിയായ പ്രസ്താവന/പ്രസ്താവനകൾ തിരഞ്ഞെടുക്കുക.
   i. അധ്യക്ഷൻ മുഖ്യമന്ത്രിയാണ്.
   ii. നിലവിലെ അംഗസംഖ്യ ഒമ്പതാണ്.
   iii. ഉപാധ്യക്ഷൻ റവന്യൂ ഡിപ്പാർട്ട്മെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിയാണ്.

   A) ii and iii മാത്രം  B) i and ii മാത്രം  C) i മാത്രം  D) എല്ലാം ശരി

28. കാലക്രമത്തിൽ എഴുതുക.
   i. കൊച്ചി കുടിയായ്മ നിയമം
   ii. മലബാർ കുടിയായ്മ നിയമം
   iii. പണ്ടാരപാട്ട വിളംബരം
   iv. കേരള സ്റ്റേറ്റ് ഓഫ് എവിക്ഷൻ പ്രൊസീഡിംഗ്സ് ആക്ട്

   A) iii, i, ii, iv  B) i, ii, iii, iv  C) iv, i, iii, ii  D) ii, iii, iv, i

29. 2007-ലെ 'മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും നിയമ'ത്തിലെ വകുപ്പുകളും അനുബന്ധ വ്യവസ്ഥകളും കണ്ടെത്തുക.

| | |
|---|---|
| a. വകുപ്പ് 2 (ജ) | i. മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായുള്ള പ്രചരണം, ബോധവൽക്കരണം മുതലായവയ്ക്കുവേണ്ടിയുള്ള നടപടികൾ |
| b. വകുപ്പ് 19 | ii. മുതിർന്ന പൗരൻ എന്നാൽ 60 വയസ്സ് തികഞ്ഞതോ അതിനു മുകളിൽ പ്രായമുള്ളതോ ആയ ഇന്ത്യൻ പൗരൻ |
| c. വകുപ്പ് 15 | iii. വാർദ്ധക്യകാല ഗൃഹങ്ങൾ സ്ഥാപിക്കൽ |
| d. വകുപ്പ് 21 | iv. അപ്പലേറ്റ് ട്രൈബ്യൂണൽ രൂപീകരണം |

| | **a** | **b** | **c** | **d** |
|---|---|---|---|---|
| A) | ii | iii | i | iv |
| B) | iii | i | ii | iv |
| C) | ii | iii | iv | i |
| D) | i | iv | iii | ii |

30. തെറ്റായ പ്രസ്താവന/പ്രസ്താവനകൾ കണ്ടെത്തുക.
   i. കേരളത്തിൽ തൊഴിലുറപ്പ് പദ്ധതി ആദ്യഘട്ടത്തിൽ നടപ്പിലാക്കിയത് ഇടുക്കി, കാസർഗോഡ് ജില്ലകളാണ്.
   ii. തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാനുള്ള ചുമതല ഗ്രാമപഞ്ചായത്തുകൾക്കാണ്.
   iii. തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ കേരളത്തിലെ നഗരസഭകളിലും കോർപ്പറേഷനുകളിലും നടപ്പിലാക്കിയ പദ്ധതിയാണ് അയ്യങ്കാളി ദേശീയ നഗര തൊഴിലുറപ്പ് പദ്ധതി.

   A) i and iii  B) i മാത്രം  C) i and ii  D) ii and iii

31. കേരള സംസ്ഥാന സർവീസിലെ ഉദ്യോഗസ്ഥർക്ക് എതിരെയുള്ള ശിക്ഷണ നടപടികളെ കുറിച്ച് പ്രതിപാദിക്കുന്നത്
   A) കേരള സർവ്വീസ് റൂൾ 1959 ഭാഗം I
   B) കേരള സർവ്വീസ് റൂൾ 1959 ഭാഗം II
   C) കേരള സർവ്വീസ് റൂൾ 1959 ഭാഗം III
   D) കേരള സിവിൽ സർവ്വീസ് ക്ലാസിഫിക്കേഷൻ കൺട്രോൾ ആൻഡ് അപ്പിൽ റൂൾസ് 1960 ഭാഗം V

32. ആസാദി കാ അമൃത് മഹോത്സവവുമായി ബന്ധപ്പെട്ട് വനിതകൾക്കായി കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ച സമ്പാദ്യ പദ്ധതി
   A) നാഷണൽ സേവിങ് സർട്ടിഫിക്കറ്റ്
   B) മഹിള സമ്മാൻ സേവിങ് സർട്ടിഫിക്കറ്റ്
   C) മഹിള ശാക്തീകരൺ യോജന
   D) സുകന്യ സമൃദ്ധി യോജന

33. 2024-ലെ കേരള ബഡ്ജറ്റിൽ പരാമർശിച്ചിട്ടുള്ള ഉന്നതി മിഷൻ ആരുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ളതാണ് ?
   A) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ
   B) കുടുംബശ്രീ അംഗങ്ങളുടെ
   C) ഭിന്നശേഷി വിഭാഗങ്ങളുടെ
   D) വിദ്യാർത്ഥികളുടെ

34. കൃത്യമായ പ്രജനനകാലഘട്ടമുള്ള ജീവികളിൽ ലൈംഗിക പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്ന ഹോർമോൺ ഏത് ?
   A) അൽഡോസ്റ്റീറോൺ
   B) തൈമോസിൻ
   C) മെലാടോണിൻ
   D) ഓക്സിടോസിൻ

35. ഇന്ത്യയിലെ മൂന്ന് ഇക്കോളജിക്കൽ ഹോട്ട് സ്പോട്ടുകൾ ഏതൊക്കെ ?
   A) മെഡിറ്ററേനിയൻ കടൽ, സുന്ദർലാൻഡ്, ഇന്തോ-ബർമ്മ
   B) കാലിഫോർണിയ കാടുകൾ, ആൻഡ്സ്, മെഡഗാസ്കർ
   C) പശ്ചിമഘട്ടം, മെഡഗാസ്കർ, ഹിമാലയം
   D) ഇന്തോ-ബർമ്മ, വടക്കുകിഴക്കൻ ഹിമാലയം, പശ്ചിമഘട്ടം

36. താഴെ പറയുന്നവയിൽ ''ജീവകം C''യുടെ പ്രസ്താവന അല്ലാത്തത് ഏത് ?
   A) പാൽ, മുട്ട എന്നിവയിൽ കാണുന്നു.
   B) ആന്റി ക്യാൻസർ വൈറ്റമിൻ.
   C) യുവത്വം നിലനിർത്തുന്നു.
   D) രോഗപ്രതിരോധ ശേഷി, മോണയുടെ ആരോഗ്യം എന്നിവ പ്രദാനം ചെയ്യുന്നു.

37. ''വർണ്ണാന്ധത''യുള്ളവരെ സൈന്യത്തിലോ, ഡ്രൈവർ, പൈലറ്റ് മുതലായ ജോലികൾക്കോ തിരഞ്ഞെടുക്കാറില്ല. കാരണമെന്ത് ?
   A) കണ്ണിലെ ലെൻസ് അതാര്യമായി കാഴ്ച വ്യക്തമാകാത്തതുകൊണ്ട്
   B) കോൺകോശങ്ങളുടെ തകരാറ് മൂലം ചുവപ്പ്, പച്ച എന്നീ നിറങ്ങൾ വേർതിരിച്ചറിയാൻ സാധിക്കാത്തതു കൊണ്ട്
   C) റോഡ്കോശങ്ങളുടെ തകരാറ് മൂലം പച്ച, മഞ്ഞ എന്നീ നിറങ്ങൾ തിരിച്ചറിയാൻ സാധിക്കാത്തതുകൊണ്ട്
   D) റെറ്റിനാലിന്റെ കുറവ് മൂലം മങ്ങിയ വെളിച്ചത്തിൽ കാഴ്ച സാധ്യമാകാത്തതു കൊണ്ട്

38. മസ്തിഷ്കത്തിലെ വൈദ്യുത തരംഗങ്ങളെ രേഖപ്പെടുത്തുന്ന ഉപകരണം
A) ഇ. സി. ജി.
B) സി. ടി. സ്കാൻ
C) ഇ. ഇ. ജി.
D) എം. ആർ. ഐ. സ്കാൻ

39. താഴെ തന്നിരിക്കുന്നവയിൽ ടൈപ്പ് 2 പ്രമേഹത്തിന് അനുയോജ്യമല്ലാത്ത പ്രസ്താവന എന്ത് ?
A) ലക്ഷ്യകോശങ്ങൾക്ക് ഇൻസുലിനെ ഉപയോഗിക്കാൻ കഴിയാത്തതാണ് ടൈപ്പ് 2 പ്രമേഹത്തിന് കാരണം.
B) പൊണ്ണത്തടിയും ജീൻ തകരാറും ഈ രോഗത്തിന് കാരണമാകുന്നു.
C) ആഹാരവും, നിയന്ത്രണവും, വ്യായാമവും ആവശ്യമെങ്കിൽ മരുന്നുകൾ വഴിയും ഈ രോഗാവസ്ഥ നിയന്ത്രിക്കാം.
D) മുകളിൽ പറഞ്ഞ പ്രസ്താവനകൾ എല്ലാം തെറ്റാണ്.

40. ''കോവിഷീൽഡ് '' എന്ന കോവിഡ് –19 വാക്സിൻ വിപണിയിൽ നിന്നും പിൻവലിച്ചു. ഈ വാക്സിൻ നിർമ്മിച്ച കമ്പനി ഏത് ?
A) ജോൺസൺ ആൻഡ് ജോൺസൺ
B) ആസ്ട്രാസെനക്ക
C) ഫൈസർ
D) ടോറന്റ് ഫാർമ

41. വംശനാശ ഭീഷണി നേരിടുന്ന ഏത് ജീവിയെ സംരക്ഷിക്കാനാണ് 2024 മെയ് മാസത്തിൽ മണിപ്പൂർ സർക്കാർ 30 ഏക്കർ പുൽമേട് അനുവദിച്ചത് ?
A) ഹോഗ് ഡീർ
B) മോണിട്ടർ ലിസാർഡ്
C) പോളോ പോണി
D) സംഗായ് ഡീർ

42. ഒരു വസ്തുവിന് സ്ഥാനം കൊണ്ട് ലഭ്യമാകുന്ന ഊർജമാണ്
A) ഗതികോർജം
B) സൗരോർജം
C) സ്ഥിതികോർജം
D) താപോർജം

43. ഒരു ഗോളീയ ദർപ്പണത്തിന്റെ വക്രതാ ആരം 40 cm ആണ്. ഈ ദർപ്പണത്തിന്റെ ഫോക്കസ് ദൂരം എത്ര ?
A) 25 cm
B) 50 cm
C) 40 cm
D) 20 cm

44. ഒരു ഹൈഡ്രോളിക് ജാക്കിന്റെ പ്രവർത്തനം _________ നിയമത്തെ അടിസ്ഥാനമാക്കിയാണ്.
A) ജൂൾ നിയമം
B) പാസ്കൽ നിയമം
C) കെപ്ലർ നിയമം
D) ന്യൂട്ടൺ നിയമം

45. ചന്ദ്രയാൻ 3 ദൗത്യത്തിന്റെ റോവർ അറിയപ്പെടുന്നത്
A) വിക്രം
B) പ്രഗ്യാൻ
C) ധ്രുവ്
D) ആദിത്യ

46. ദ്രവ്യത്തിന്റെ അഞ്ചാമത്തെ അവസ്ഥ
A) പ്ലാസ്മ
B) വാതകം
C) ബോസ് ഐൻസ്റ്റീൻ കണ്ടൻസേറ്റ്
D) ദ്രാവകം

47. ഗൺമെറ്റലിലടങ്ങിയ ലോഹങ്ങൾ
A) കോപ്പർ, സിങ്ക്, നിക്കൽ
B) കോപ്പർ, ടിൻ, സിങ്ക്
C) കോപ്പർ, ലെഡ്, സിൽവർ
D) കോപ്പർ, അയേൺ, ക്രോമിയം

48. ഉരുളക്കിഴങ്ങ് പോലുള്ള വിളകൾക്ക് അനുയോജ്യമായ മണ്ണിന്റെ pH

A) 5 B) 7 – 8 C) 6.5 – 7.2 D) 8

49. ഫ്രീസിങ് മിശ്രിതം ഉണ്ടാക്കാനുപയോഗിക്കുന്ന ലവണം

A) ടേബിൾ സാൾട്ട് B) ബ്ലൂവിട്രിയോൾ C) ജിപ്സം D) സിൽവിൻ

50. ദ്രവ്യത്തിന്റെ ഏത് അവസ്ഥയാണ് 2023-ൽ കണ്ടെത്തിയത് ?

A) ബോസ്-ഐൻസ്റ്റീൻ കണ്ടൻസേറ്റ് B) ഫെർമിയോണിക് കണ്ടൻസേറ്റ്

C) ക്വാർക്ക്-ഗ്ലൂൺ പ്ലാസ്മ D) ചിറാൽ-ബോസ് ലിക്വിഡ് സ്റ്റേറ്റ്

51. ഇലക്ട്രിക് കാറുകളിൽ ഉപയോഗിക്കുന്ന ബാറ്ററികളിൽ അടങ്ങിയ പ്രധാന മൂലകം

A) മഗ്നീഷ്യം B) സോഡിയം C) ലിതിയം D) ബ്രോമിൻ

52. ചേരുംപടി ചേർക്കുക.

a. മിടുക്കർ
കൈരണ്ടും ചേർത്തു കൊട്ടിയാൽ
നഗരങ്ങൾ തകർന്നേക്കും
മടിയർ മടിയരോട്
കൈ കോർക്കുമ്പോൾ
കാലം അട്ടിമറിയും

b. അറ്റമില്ലാതെഴുന്ന
ഭൂമിക്കു മേൽ
ഒറ്റഞാണായ്
വലിഞ്ഞു മുറുകി ഞാൻ

c. റയിൽവക്കത്തുനിന്നൊന്നേ
രണ്ടെന്നെണ്ണുന്ന കുട്ടിയിൽ
അവസാനത്തെ പൂതത്തിൽ
ആനന്ദം പുഞ്ചിരിച്ചിടും

d. അവരോരുത്തരുടേയും
ജീവിതങ്ങളുടെ ആകെ തുകയും
ജീവിച്ചിരിക്കുന്ന കുട്ടികൾ
കണ്ടു കൂട്ടുന്ന കനവുകളുടെ
ആകെ തുകയും തമ്മിൽ
കൂട്ടിയാൽ കിട്ടുന്നതാണ്
നക്ഷത്രങ്ങളുടെ
കിറുകൃത്യമായ
എണ്ണം

i. അസീം താന്നിമൂട്

ii. പി. രാമൻ

iii. അനിത തമ്പി

iv. പി. എൻ. ഗോപീകൃഷ്ണൻ

v. മോഹനകൃഷ്ണൻ കാലടി

| | a | b | c | d |
|---|---|---|---|---|
| A) | iv | iii | ii | i |
| B) | ii | i | iv | iii |
| C) | i | iii | iv | v |
| D) | iii | iv | v | ii |

53. ഇരയിമ്മൻതമ്പിയുടെ ആട്ടക്കഥകളിൽ ഉൾപ്പെടാത്തത് ഏത് ?

A) ഉത്തരാസ്വയംവരം
B) കീചകവധം
C) ദക്ഷയാഗം
D) തോരണയുദ്ധം

54. ചേരുംപടി ചേർക്കുക.

| | | | |
|---|---|---|---|
| a. | ഇറാനിമോസ് | i. | മീശ |
| b. | പീലിപ്പോസ് | ii. | അടിയാളപ്രേതം |
| c. | ഉണ്ണിച്ചെക്കൻ | iii. | അടി |
| d. | വാവച്ചൻ | iv. | കരിക്കോട്ടക്കരി |
| | | v. | പുറ്റ് |

| | a | b | c | d |
|---|---|---|---|---|
| A) | v | iii | ii | iv |
| B) | ii | i | iv | iii |
| C) | iv | iii | ii | i |
| D) | iii | iv | v | ii |

55. മുസിരിസ് പൈതൃകപദ്ധതിയുമായി ബന്ധപ്പെടാത്തത് ഏത് ?

A) ചേരമാൻ ജുമ മസ്ജിദ്
B) പാലിയം കോവിലകം
C) സഹോദരൻ അയ്യപ്പൻ ഭവനം
D) സെന്റ്. ഫ്രാൻസിസ് പള്ളി, ഫോർട്ട് കൊച്ചി

56. ധ്യാൻ ചന്ദ് പുരസ്കാരവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ തെരെഞ്ഞെടുക്കുക.

1. മികച്ച ക്രിക്കറ്റർക്കുള്ള പുരസ്കാരം.
2. ഗുസ്തി താരമായ ധ്യാൻ ചന്ദിന്റെ പേരിൽ നൽകുന്ന പുരസ്കാരം.
3. മികച്ച കായിക പരിശീലകർക്ക് നൽകുന്ന പുരസ്കാരം.
4. കെ. എം. ബീനമോൾ, അഞ്ജു ബോബിജോർജ്ജ്, പി. ആർ. ശ്രീജേഷ് തുടങ്ങിയ മലയാളികൾ ധ്യാൻ ചന്ദ് പുരസ്കാരം നേടിയിട്ടുണ്ട്.

A) 1 ഉം 2 ഉം ശരി
B) 2 ഉം 3 ഉം ശരി
C) 2 മാത്രം ശരി
D) എല്ലാം തെറ്റ്

57. കേരളസർക്കാർ അവതരിപ്പിക്കുന്ന ജീവാനന്ദം പദ്ധതി സംബന്ധിച്ച ശരിയായ പ്രസ്താവന തെരെഞ്ഞെടുത്തെഴുതുക.

A) സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും നിശ്ചിത തുക ഈടാക്കാനും വിരമിച്ച ശേഷം മാസം തോറും തുക തിരികെ നൽകാനും ലക്ഷ്യമിടുന്ന പദ്ധതി.
B) വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണ-പരിപാലനത്തിനു ഊന്നൽ നൽകുന്ന പദ്ധതി.
C) സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനായി ആവിഷ്കരിച്ച പദ്ധതി.
D) ആദിവാസി മേഖലകളിലെ കുട്ടികളിൽ കാണുന്ന പോഷകാഹാരക്കുറവ് മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ തടയുന്നതിന് നടപ്പിലാക്കിയ പദ്ധതി.

58. ആരോഗ്യകിരണം പദ്ധതിയുടെ ഗുണഭോക്താക്കളുടെ പ്രായപരിധി എത്രയാണ് ?
  A) പതിനെട്ടിനും മുപ്പത്തിയഞ്ചിനും ഇടയിൽ പ്രായമുള്ളവർ
  B) പതിനെട്ടുവയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾ
  C) പത്തുവയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ
  D) അറുപതു വയസ്സിനു മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർ

59. ഏറ്റവും വേഗതയേറിയ ട്രാൻസ്മിഷൻ മീഡിയ ഏത് ?
  A) ട്വിസ്റ്റഡ് പെയർ കേബിൾ
  B) കൊആക്സിയൽ കേബിൾ
  C) ഒപ്റ്റിക്കൽ ഫൈബർ കേബിൾ
  D) ഷിൽഡഡ് ട്വിസ്റ്റഡ് പെയർ കേബിൾ

60. സൈബർ ആക്രമണങ്ങൾ തടയുന്നതിനായി ഇന്ത്യൻ പ്രതിരോധ മന്ത്രാലയം രൂപ കല്പന ചെയ്ത ഓപ്പറേറ്റിങ്ങ് സിസ്റ്റം ഏത് ?
  A) അഗ്നി OS
  B) മായ OS
  C) C-DAC OS
  D) ഡിഫന്റ് OS

61. താഴെ തന്നിരിക്കുന്നവയിൽ ക്ലൗഡ് അടിസ്ഥാനമാക്കിയുള്ള സിസ്റ്റം ഏതെല്ലാം ?
  i. ഇ-മെയിൽ
  ii. ഫേസ്ബുക്ക്
  iii. യുട്യൂബ്
  iv. ഗൂഗിൾ ഡ്രൈവ്
  A) ii and iii മാത്രം
  B) i മാത്രം
  C) ii, iii and iv മാത്രം
  D) മുകളിൽ പറഞ്ഞവ എല്ലാം

62. താഴെ പറയുന്നവയിൽ ഒപ്റ്റിക്കൽ സ്റ്റോറേജ് ഡിവൈസിന് ഉദാഹരണം ഏത് ?
  A) ബ്ലൂറേ ഡിസ്ക്
  B) പെൻ ഡ്രൈവ്
  C) ഹാർഡ് ഡിസ്ക്
  D) മെമ്മറി കാർഡ്

63. ഇ-മെയിലിന്റെ കാര്യത്തിൽ ശരിയല്ലാത്ത പ്രസ്താവന ഏത് ?
  A) ഇ-മെയിൽ മുഖാന്തിരം ചിത്രങ്ങൾ, ഓഡിയോ, വീഡിയോ മുതലായവ അയയ്ക്കാവുന്നതാണ്.
  B) പേപ്പർ ഉപയോഗിക്കാത്തത് കാരണം ഇ-മെയിൽ പരിസ്ഥിതി സൗഹാർദ്ദമാണ്.
  C) ഇ-മെയിൽ വഴി വൈറസ് വ്യാപനം നടക്കുകയില്ല.
  D) ഇ-മെയിൽ മുഖാന്തിരം ഒന്നിൽ കൂടുതൽ ആളുകൾക്ക് ഒരേ സമയം മെസ്സേജ് അയയ്ക്കാവുന്നതാണ്.

64. പോക്സോ നിയമം നിലവിൽ വന്നത് ഏത് വർഷമാണ് ?
  A) 2000
  B) 2005
  C) 2010
  D) 2012

65. ഉപഭോക്തൃ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി ഉപഭോക്തൃ സംരക്ഷണ നിയമം, 2019-ന് കീഴിൽ സ്ഥാപിതമായ ബോഡികൾ ഏതാണ് ?

A) ഉപഭോക്തൃ സംരക്ഷണ ഏജൻസി

B) ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ

C) ഉപഭോക്തൃ സുരക്ഷാ ബോർഡ്

D) ഉപഭോക്തൃ അഭിഭാഷക കൗൺസിൽ

66. ഗാർഹിക പീഡനങ്ങളിൽ നിന്നുള്ള സ്ത്രീകളുടെ സംരക്ഷണ നിയമം, 2005-ലെ നിയമത്തിന് കീഴിൽ ഒരു പീഡനത്തിനിരയായ ഒരാൾക്ക് എന്ത് തരത്തിലുള്ള ആശ്വാസം തേടാനാകും ?

A) സംരക്ഷണ ഉത്തരവുകൾ

B) താമസ ഉത്തരവുകൾ

C) പണ ആശ്വാസം

D) മുകളിൽ പറഞ്ഞവയെല്ലാം

67. ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീകളുടെ സംരക്ഷണ നിയമം, 2005 നിയമ പ്രകാരം സംരക്ഷണ ഉത്തരവ് ലംഘിക്കുന്നതിനുള്ള പരമാവധി ശിക്ഷ എന്താണ് ?

A) പിഴ മാത്രം

B) 6 മാസം വരെ തടവോ ₹ 10,000 വരെ പിഴയോ അല്ലെങ്കിൽ രണ്ടും

C) 1 വർഷം വരെ തടവോ ₹ 20,000 വരെ പിഴയോ അല്ലെങ്കിൽ രണ്ടും

D) 2 വർഷം വരെ തടവോ ₹ 1 ലക്ഷം വരെ പിഴയോ അല്ലെങ്കിൽ രണ്ടും

68. NHRC ചെയർപേഴ്സൺ ഉൾപ്പെടെ എത്ര അംഗങ്ങൾ ഉൾക്കൊള്ളുന്നു ?

A) 3 അംഗങ്ങൾ

B) 5 അംഗങ്ങൾ

C) 6 അംഗങ്ങൾ

D) 10 അംഗങ്ങൾ

69. വിവരാവകാശ നിയമപ്രകാരം, വിവരങ്ങൾ വെളിപ്പെടുത്തിയാൽ അത് നിഷേധിക്കാവുന്നതാണ്

A) ഇന്ത്യയുടെ പരമാധികാരത്തെയും അഖണ്ഡതയെയും മുൻവിധി കാണിക്കുക

B) സംസ്ഥാനത്തിന്റെ സാമ്പത്തിക താൽപ്പര്യങ്ങളെ ബാധിക്കുന്നു

C) ഏതൊരു വ്യക്തിയുടെയും ജീവനോ ശാരീരിക സുരക്ഷയോ അപകടത്തിലാക്കുക

D) മുകളിൽ പറഞ്ഞവയെല്ലാം

70. ദേശീയ വനിതാ കമ്മീഷൻ അതിന്റെ വാർഷിക റിപ്പോർട്ട് ഏത് ബോഡിക്കാണ് സമർപ്പിക്കേണ്ടത് ?

A) ഇന്ത്യയുടെ രാഷ്ട്രപതി

B) ഇന്ത്യൻ പ്രധാനമന്ത്രി

C) കേന്ദ്ര സർക്കാർ

D) സുപ്രീം കോടതി

71. $K + \frac{1}{K} - 2 = 0, K > 0$ ആയാൽ $K^{29} + \frac{1}{K^{29}} - 2$ന്റെ വില എത്ര ആകും ?

A) 2 B) 1 C) 4 D) 0

72. 16 ÷ 4 = 74, 35 ÷ 7 = 85, 55 ÷ 5 = 1011 ആയാൽ 49 ÷ 7 എത്ര ?

A) 173 B) 137 C) 1173 D) 57

73. $x - \frac{1}{x} = \frac{1}{2}$ ആയാൽ $(x \neq 0)$, എന്തായിരിക്കും $4x^2 + \frac{4}{x^2}$ ന്റെ വില ?

A) 9 B) $\frac{4}{9}$ C) 36 D) $\frac{13}{9}$

74. ഒരു വൃത്തത്തിന്റെ ആരം 50% വർദ്ധിപ്പിച്ചാൽ വിസ്തീർണത്തിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടാകും ?

A) 25% B) 125% C) 50% D) 75%

75. രാവിലെ 10 മണിക്കും ഉച്ചയ്ക്ക് 1 മണിക്കും ഇടയിൽ എത്ര തവണ മണിക്കൂർ-മിനിറ്റ് സൂചി 180° ആകും ?

A) 3 B) 2 C) 1 D) 4

76. 10 വർഷം കൊണ്ട് ഒരു നിക്ഷേപം ഇരട്ടി ആകണമെങ്കിൽ സാധാരണ പലിശ നിരക്ക് എത്ര വേണം ?

A) 20% B) 15% C) 10% D) 12%

77. 2000 ജനുവരി 1 ശനി ആണെങ്കിൽ 2006 ജനുവരി 1 ഏത് ദിവസം ആയിരിക്കും ?

A) വെള്ളി B) തിങ്കൾ C) ശനി D) ഞായർ

78. ശ്രേണി പൂർത്തിയാക്കുക.

YEB, WFD, UHG, SKI, ...

A) TQL B) NQL C) QOL D) TOL

79. ഒറ്റയാൻ ഏത് ?

A) 875 B) 979 C) 1089 D) 1067

80. ഒരു സമാന്തരശ്രേണിയിൽ (A.P.) 7-ാം പദത്തിന്റെ 7 മടങ്ങ് അതിന്റെ തന്നെ 11-ാം പദത്തിന്റെ 11 മടങ്ങിന് തുല്യമാണ്. എങ്കിൽ ആ ശ്രേണിയുടെ 18-ാം പദം ഏത് ?

A) 11 B) 18

C) 7 D) ഇവ ഒന്നും അല്ല

81. 'Hurrah! He won the match.' Identify the part of speech of the underlined word.
   A) Preposition
   B) Conjunction
   C) Interjection
   D) Pronoun

82. The singular form of the word 'Jeans' is
   A) Jean
   B) Jeans
   C) Jeanses
   D) None of these

83. 'Your marks are good ; but you can do ________. ' Use the comparative degree of comparison of the underlined word.
   A) more good
   B) gooder
   C) better
   D) none of these

84. The test was _____________. Use the appropriate phrasal verb.
   A) put off
   B) put up with
   C) put on
   D) put down

85. The files fell ___________ the shelf. Use the correct preposition.
   A) at
   B) of
   C) off
   D) none of these

86. The idiom 'Once in a blue moon' means
   A) Past
   B) Rarely
   C) Frequently
   D) Just Once

87. Antonym of the word 'regular' is
   A) Unregular
   B) Irregular
   C) Inregular
   D) Aregular

88. 'We do our work, __________ ?
   Choose the correct question tag.
   A) Don't we
   B) Do we
   C) Don't us
   D) Doesn't we

89. Expansion of 'etc.' is
   A) Et cetera
   B) Exetra
   C) Et cetra
   D) None of these

90. 'There is a long ____________ in front of the theatre'.
   Choose the correct spelling.
   A) Queue
   B) Que
   C) Kyu
   D) Qu

91. ശരിയായ പദം കണ്ടെത്തുക.
A) അക്ഷൗഹണി
B) അക്ഷൗഹിണി
C) അഷൗഹിണി
D) അക്ഷൈഹിണി

92. 'നാഴികയുടെ അറുപതിലൊരു പങ്ക്'
A) മണിക്കൂർ
B) നൊടി
C) വിനാഴിക
D) മാത്ര

93. പിരിച്ചെഴുതുക – പരമോച്ചനില
A) പരം + ഉച്ചനില
B) പരമോ + ഉച്ചനില
C) പരമ + ഉച്ച + നില
D) പരം + ഉച്ച + നില

94. ശരിയായ പര്യായക്കൂട്ടം കണ്ടെത്തുക – 'പ്രമാദം'
A) തെറ്റ്, പേരുകേട്ട, പ്രശസ്തം
B) വർദ്ധിച്ച ഭയം, ഓർമ്മക്കേട്, ശ്രദ്ധയില്ലായ്മ
C) മുഖ്യമായ, നിശ്ചയം, സന്തോഷം
D) തെളിവ്, നൈർമ്മല്യം, വ്യാപനം

95. വിപരീത പദമേത് – 'അദ്ധ്യാത്മം'
A) ആത്മം
B) ഭൗതികം
C) യുക്തി
D) ദീപ്തം

96. 'നേരേ വാ നേരേ പോ' എന്നതർത്ഥമാക്കുന്നത് ?
A) നേരത്തേ വരണം, നേരത്തേ പോകണം
B) സത്യസന്ധമായി പെരുമാറുക
C) നേർക്കുനേർ വരണം, നേർക്ക് പോകണം
D) നേരേയുള്ള വഴിയേ വരണം, പോകണം

97. ചേർത്തെഴുതുക.
മലർ + കളം + എഴുതി + കാത്ത + ഒരു + അരചൻ.
A) മലർക്കളം എഴുതിക്കാത്ത ഒരു അരചൻ
B) മലർക്കളമെഴുതിക്കാത്ത ഒരു അരചൻ
C) മലർക്കളമെഴുതിക്കാത്തൊരു അരചൻ
D) മലർക്കളമെഴുതിക്കാത്തോരരചൻ

98. 'വൈരി' – സ്ത്രീലിംഗം കണ്ടെത്തുക.
A) വൈരിണി
B) വൈരാഗി
C) വൈരത്തി
D) വൈര

99. 'And it was at that age... Poetry arrived in search of me"– ശരിയായ പരിഭാഷയേത് ?
A) കവിത എന്നെത്തേടി വന്നണഞ്ഞത് ആ പ്രായത്തിലാണ്.
B) കവിത വന്നണഞ്ഞതെന്നെത്തേടിയാപ്രായത്തിലാണ്.
C) ആ പ്രായത്തിലാണ്, എന്നെത്തേടി കവിത വന്നണഞ്ഞത്.
D) എന്നെത്തേടി കവിത വന്നണഞ്ഞത്, ആ പ്രായത്തിലാണ്.

100. ശരിയായത് തെരെഞ്ഞെടുക്കുക.
A) കണ്ണീരിൽ കലർത്തി അവർ പറഞ്ഞ കഥ എന്നെ വികാരപരവശനാക്കി.
B) അവർ കണ്ണീരിൽ കലർത്തി പറഞ്ഞ കഥ എന്നെ വികാരപരവശനാക്കി.
C) എന്നെ വികാരപരവശനാക്കിയ കഥ അവർ കണ്ണീരിൽ കലർത്തി പറഞ്ഞു.
D) കഥയവർ കണ്ണീരിൽക്കലർത്തി, എന്നെ വികാരപരവശനാക്കി.

## Space for Rough Work